**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5911** **04.11.2016- ൽ മറുപടിക്ക്**

## പള്ളിക്കരയിൽ റയിൽവേ ഓവർ ബ്രിഡ്ജ്

**ചോദ്യം**

**ശ്രീ. എം. രാജഗോപാലൻ**

നാഷണൽ ഹൈവേയിൽ കങ്കനാടി മുതൽ കന്യാകുമാരി വരെയുള്ള കേരള പാതയിൽ നിലവിലുള്ള ഏക ലെവൽ ക്രോസായ പള്ളിക്കരയിൽ ഗതാഗതം സുഗമമാക്കുന്നതിന് റയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

പള്ളിക്കര റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ സേതു ഭാരതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വിശദമായ രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കി നൽകുവാൻവേണ്ടി കേന്ദ്ര സർക്കാർ ചൈതന്യ കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക യുണ്ടായി. ദേശീയപാത 17 നാലുവരിപ്പാത യാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയതിനാൽ പ്രസ്തുത ഓവർ ബ്രിഡ്ജ് അതോടൊപ്പം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ